# ലാന്റ് റവന്യൂ കമ്മീഷണറുടെ നടപടിക്രമം

*(പബ്ലിക് ആഫീസ് ബിൽഡിംഗ്, മ്യൂസിയം ജംഗ്ഷൻ, തിരുവനന്തപുരം -33)*

( ഹാജർ : ശ്രീമതി കെ.ബി.വത്സലകുമാരി, ഐ.എ.എസ് )

**എൽ.ആർ(ഇ)2- 8427/12** **തീയതി :20.03.2012**

വിഷയം:- ജീവനക്കാര്യം - ലാന്റ് റവന്യു വകുപ്പ് - തഹസിൽദാർമാരുടെ പ്രൊബേഷൻ കാലയളവ് ദീർഘിപ്പിക്കുന്നത് - സംബന്ധിച്ച്.

വായന :-
1) ജി.ഒ.(പി ) നം.852/80/ RD തീയതി 16.06.1980
2) ജി.ഒ.(പി ) നം.853/80/ RD തീയതി 16.06.1980
3) ജി.ഒ.(പി ) നം.58/2010/RD തീയതി 09.02.2010
4) ഈ കാര്യാലയത്തിലെ 16.03.2012-ലെ LR(E)2-43300/11 നമ്പർ നടപടിക്രമം.
5) ഈ കാര്യാലയത്തിലെ 17.03.2012-ലെ LR(E)2-3001/12 നമ്പർ നടപടിക്രമം.

വായന (4) പ്രകാരം തഹസിൽദാർ തസ്തികയിലെ 01.04.2001 മുതൽ 31.12.10 വരെയുള്ള കാലയളവിലെ താത്കാലിക സ്ഥാനക്കയറ്റങ്ങൾ കെ.എസ് & എസ്.എസ്.ആർ റൂൾ 28 ബി (ii) പ്രകാരം ബന്ധപ്പെട്ട ചട്ടങ്ങൾ, കോടതി വിധികൾ, സർക്കാർ ഉത്തരവുകൾ എന്നിവയുടെ അടിസ്ഥാനത്തിൽ പരിശോധിച്ച് ക്രമീകരിച്ച് ഉത്തരവായിട്ടുള്ളതാണ്. അതിന്റെ അടിസ്ഥാനത്തിൽ വായന (5) പ്രകാരം തഹസിൽദാർ തസ്തികയിലെ 01.04.2001 മുതൽ 31.12.10 വരെയുള്ള കാലയളവിലെ സീനിയോരിറ്റി ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ട്. ടി സീനിയോരിറ്റി ലിസ്റ്റിലുൾപ്പെട്ട ജീവനക്കാരുടെ തഹസിൽദാർ തസ്തികയിലെ നിരീക്ഷണകാലം വായന (3) പ്രകാരം തുടർച്ചയായ 2 വർഷക്കാലയളവിനുള്ളിലെ 1 വർഷത്തെ തൃപ്തികരമായ സേവനമാണ്.

2. എല്ലാ ജില്ലാകളക്ടർമാരും, ഓഫീസ് മേധാവികളും ജീവനക്കാരുടെ സേവനപുസ്തകങ്ങൾ പരിശോധിച്ച് നിരീക്ഷണകാലം പൂർത്തിയായതായി പ്രഖ്യാപിക്കുന്നതിനാവശ്യമായ വിവരങ്ങൾ നിശ്ചിത പ്രൊഫോർമായിൽ രേഖപ്പെടുത്തി സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ പരിശോധിച്ചതിൽ നിരീക്ഷണകാലയളവിനുള്ളിൽ ആവശ്യമായ യോഗ്യത നേടിയിട്ടില്ലാത്ത ജീവനക്കാരുടെ നിരീക്ഷണകാലം കെ.എസ് & എസ്.എസ്.ആർ റൂൾ 21 പ്രകാരം നിയമനാധികാരിയെന്ന നിലയിൽ ഒരു വർഷത്തേക്ക് ദീർഘിപ്പിച്ചു നൽകാവുന്നതാണ്.

3. മേൽ വസ്തുതകളുടെ അടിസ്ഥാനത്തിൽ അനുബന്ധമായി ചേർത്തിട്ടുള്ള പട്ടികയിലെ ജീവനക്കാരുടെ പേരിനു നേരേ 9-ാം കോളത്തിൽ ചേർത്തിരിക്കുന്ന തീയതി വരെ ടി ജീവനക്കാരുടെ നിരീക്ഷണകാലം ദീർഘിപ്പിച്ച് നൽകി ഉത്തരവാകുന്നു.

(ഒപ്പ്)

കമ്മീഷണർ

<u>പകർപ്പ് :</u>

01) അക്കൗണ്ടന്റ് ജനറൽ (A & E), തിരുവനന്തപുരം(ആമുഖകത്ത് സഹിതം)
02) അഡീഷണൽ ചീഫ് സെക്രട്ടറി, റവന്യു വകുപ്പ്,
സെക്രട്ടറിയേറ്റ്, തിരുവനന്തപുരം (ആമുഖകത്ത് സഹിതം)
03) എല്ലാ ജില്ലാ കളക്ടർമാർക്കും
04) സെക്രട്ടറി, ലാന്റ് ബോർഡ്, തിരുവനന്തപുരം.
05) ഡയറക്ടർ, ഐ.എൽ.ഡി.എം, പി.റ്റി.പി.നഗർ,തിരുവനന്തപുരം.
06) ഡയറക്ടർ, സർവ്വെ & ലാന്റ് റിക്കാർഡ്സ്, തിരുവനന്തപുരം
07) ഡെപ്യൂട്ടി കളക്ടർ, വിജിലൻസ്, ഉത്തര/ദക്ഷിണ/മദ്ധ്യ മേഖല.
08) കമ്മീഷണറുടെ സി.എ.യ്ക്ക്.
09) അഡീഷണൽ കമ്മീഷണറുടെ സി.എ.യ്ക്ക്.
10) അസിസ്റ്റന്റ് കമ്മീഷണർ (സീനിയോരിറ്റി സെൽ)
11) സൂപ്രണ്ട്, ജി സെക്ഷൻ.